"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീയുടെ പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി കുടുംബശ്രീ സംസ്ഥാന മിഷനിൽ അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫിസർ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1469/2025/LSGD തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-
1. കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ 03.10.2024 തീയതിയിലെ അജണ്ട നം.16 പ്രകാരമുള്ള യോഗ തീരുമാനം.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30/11/2024 തീയതിയിലെ 2805/E1/2024/KSHO നം. കത്ത്.

**<u>ഉത്തരവ്</u>**

കുടുംബശ്രീയുടെ പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും സോഷ്യൽ മീഡിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കുടുംബശ്രീ സംസ്ഥാന മിഷനിൽ അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ നിയമനം നടത്തുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ഗവേണിംഗ് ബോഡി യോഗത്തിൽ തിരുമാനിച്ചതനുസരിച്ച് കുടുംബശ്രീ സംസ്ഥാന മിഷനിൽ ഒരു അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തിക സൃഷ്ടിച്ച് നൽകുന്നതിനും ടി തസ്തികയിലേക്ക് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും 43400-91200 ശമ്പള സ്കെയിലിലുള്ള അസിസ്റ്റന്റ് എഡിറ്റർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം അന്യത്രസേവന വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി കുടുംബശ്രീ സംസ്ഥാന മിഷനിൽ അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയുടെ യോഗ്യതാ മാനദണ്ഡങ്ങളും ഉത്തരവാദിത്തങ്ങളും ഇതര വകുപ്പുകളിലെ സമാന തസ്തികയുടെ മാതൃകയിൽ നിശ്ചയിച്ച്, വേതനം സർക്കാർ തീരുമാനത്തിന് വിധേയമാണെന്ന വ്യവസ്ഥയിൽ, ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

3. പ്രസ്തുത തസ്തികയുടെ വേതനം നിശ്ചയിക്കുന്നതിനായി വിദ്യാഭ്യാസ യോഗ്യത, ജോലിയുടെ സ്വഭാവം, ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം ടി തസ്തികയ്ക്ക്/സമാന തസ്തികയ്ക്ക്

അനുവദിച്ചിരിക്കുന്ന ശമ്പള സ്കെയിൽ, തസ്തികയ്ക്ക്/സമാന തസ്തികയ്ക്ക് മറ്റ് വകുപ്പുകൾ/സ്ഥാപനങ്ങളിൽ നൽകുന്ന വേതനം, വേതനം അനുവദിക്കുന്നതിനുള്ള ഫണ്ട് ലഭ്യത, ശീർഷകം തുടങ്ങിയ വിവരങ്ങൾ സഹിതം ശിപാർശ ലഭ്യമാക്കേണ്ടതും സർക്കാർ വേതനം നിശ്ചയിച്ച് നല്കിയതിനു ശേഷം മാത്രം ടി തസ്തികയിൽ വേതനം അനുവദിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.
ധനകാര്യ (WCD) വകുപ്പ്. (06.06.2025 -ലെ WCD-3/265/2024-Fin)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/354/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
Date: 16-06-2025 15:17:40
സെക്ഷൻ ഓഫീസർ